**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3884** **06-08-2021 - ൽ മറുപടിയ്ക്ക്**

**കാസർകോട് ജില്ലയിൽ കടൽക്ഷോഭം തടയുന്നതിന് മുൻകരുതലുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എ കെ എം അഷ്‌റഫ് | | Shri Roshy Augustine<br>(ജലവിഭവ വകുപ്പ് മന്ത്രി) | |
| (എ) | കാസർകോട് ജില്ലയിൽ കടൽക്ഷോഭം തടയുന്നതിന് എന്തൊക്കെ മുൻകരുതലുകളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്; | (എ) | കാസറഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന സ്ഥലങ്ങളിൽ താൽക്കാലിക സംവിധാനങ്ങളായ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലികമായ സംരക്ഷണ ഭിത്തി നിർമ്മിച്ചു വരുന്നു. ഇതിനായി ഈ വർഷം 25.05.2021-ലെ G.O(Rt)No.296/2021/WRD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ സ്ഥിരം സംവിധാനങ്ങൾ ചെയ്യാനുള്ള പഠനം NCCR എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഒരു കോടി രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ കൂടാതെ ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം കടൽക്ഷോഭം തടയുന്നതിന് 207 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക വളരെ അത്യാവശ്യമായ സ്ഥലങ്ങളിൽ കടൽഭിത്തി റിപ്പയറിംഗിനും ജിയോബാഗ് ഉപയോഗിച്ച് താൽകാലികമായ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തൈക്കടപ്പുറം, വലിയപറമ്പ, കോയിപ്പാടി ചേരങ്കൈ തുടങ്ങി പ്രദേശങ്ങളിലാണ് തുക വിനിയോഗിച്ചിട്ടുള്ളത്. |
| (ബി) | ജില്ലയിൽ നിലവിൽ കടൽ ഭിത്തി നിർമ്മാണത്തിന് ഫണ്ട് അനുവദിച്ചിട്ടുണ്ടോ; ഏതൊക്കെ പ്രദേശങ്ങൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളത്; | (ബി) | കാസറഗോഡ് ജില്ലയിൽ രൂക്ഷമായ കടലാക്രമണം ഉണ്ടാകുന്ന സ്ഥലങ്ങളിൽ താൽക്കാലിക സംവിധാനങ്ങളായ ജിയോബാഗ് ഉപയോഗിച്ചുള്ള താൽക്കാലികമായ സംരക്ഷണ ഭിത്തി നിർമ്മിച്ചു വരുന്നു. ഇതിനായി ഈ വർഷം 25.05.2021-ലെ G.O(Rt)No.296/2021/WRD നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഒരു കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇന്നത്തെ പരിസ്ഥിതിക്കനുയോജ്യമായ സ്ഥിരം സംവിധാനങ്ങൾ ചെയ്യാനുള്ള പഠനം NCCR എന്ന സ്ഥാപനത്തിന്റെ സഹായത്തോടെ നടപ്പിലാക്കാൻ |

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുണ്ട്. മേൽ സൂചിപ്പിച്ച ഒരു കോടി രൂപയുടെ ഭരണാനുമതിയിൽ ഉൾപ്പെട്ട പ്രവൃത്തികൾ കൂടാതെ ജില്ലയിൽ കഴിഞ്ഞ സാമ്പത്തിക വർഷം കടൽക്ഷോഭം തടയുന്നതിന് 207 ലക്ഷം രൂപ അനുവദിച്ചിരുന്നു. ഈ തുക വളരെ അത്യാവശ്യമായ സ്ഥലങ്ങളിൽ കടൽഭിത്തി റിപ്പയറിംഗിനും ജിയോബാഗ് ഉപയോഗിച്ച് താൽകാലികമായ സംരക്ഷണ ഭിത്തികൾ നിർമ്മിക്കുന്നതിനുമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്. തൈക്കടപ്പുറം, വലിയപറമ്പ, കോയിപ്പാടി ചേരങ്കൈ തുടങ്ങി പ്രദേശങ്ങളിലാണ് തുക വിനിയോഗിച്ചിട്ടുള്ളത്. |
| (സി) | കടൽക്ഷോഭം തടയുന്നതിന് നൂതനമായ ഏതെങ്കിലും പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ആലോചിക്കുന്നുണ്ടോ; വിശദവിവരങ്ങൾ ലഭ്യമാക്കുമോ? | (സി) | കടലാക്രമണം ചെറുക്കുന്നതിന് സാധാരണയായി സി.ഡബ്ല്യൂ.പി.ആർ.എസ്. പൂനൈ/ഐ.ഐ.ടി. ചെന്നൈ മുതലായ സ്ഥാപനങ്ങളിൽ നിന്നും ഡിസൈൻ ലഭ്യമാക്കി കരിങ്കല്ലുപയോഗിച്ചുള്ള കടൽഭിത്തിയും ഗ്രോയിനുകളുമാണ് കാലാകാലങ്ങളായി നിർമ്മിച്ചുവരുന്നത്. ജിയോട്യൂബ് ഉപയോഗിച്ചും ജിയോബാഗുകളിൽ മണൽ നിറച്ചും അടിയന്തരമായി കടൽത്തീരത്തെ സംരക്ഷിക്കാറുണ്ട്. ഇന്നത്തെ പരിസ്ഥിതിക്ക് അനുയോജ്യമായ കടൽഭിത്തിയുടെയും പുലിമുട്ടുകളുടെയും പുതുക്കിയ ഡിസൈനുവേണ്ടി NCCR എന്ന വിദഗ്ധ സ്ഥാപനത്തിന്റെ സഹായത്തോടെ വിശദമായ പഠനം നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യഘട്ടമായി ടെട്രാപോഡ് ഉപയോഗിച്ച് പുലിമുട്ടും കടൽഭിത്തിയുമായി ഒരു സംയോജിത പദ്ധതി ചെല്ലാനത്ത് നടപ്പിലാക്കാൻ പോകുന്നു. രൂക്ഷമായ കടലാക്രമണം നേരിടുന്ന കൊല്ലംകോട്, ശംഖുമുഖം, ആലപ്പാട് , കൊടുങ്ങല്ലൂർ, പൊന്നാനി, കാപ്പാട്, തലശ്ശേരി, വലിയപറമ്പ് എന്നീ പ്രദേശങ്ങളാണ് പഠനത്തിനായി തെരഞ്ഞെടുത്തിരിക്കുന്നത്. പഠനം കഴിയുന്ന മുറയ്ക്ക് പദ്ധതികൾ ആവിഷ്കരിക്കുവാൻ സാധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ